**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 395** **14-03-2023 - ൽ മറുപടിയ്ക്ക്**

**എം.സി. റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എം. എം. മണി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മുഖ്യ പ്രധാന പാതയായ എം.സി. റോഡ് നാലുവരിയാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത റോഡുവികസന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; പദ്ധതിയ്ക്കായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്, എം.സി റോഡ്, കൊല്ലം - ചെങ്കോട്ട റോഡ് എന്നിവ നാല് വരിയായി വികസിപ്പിക്കുന്നതിനായി 05/11/2022- ലെ ജി.ഒ(ആർ.ടി) നം.1069/2022/ പൊ.മ.വ പ്രകാരം 1500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൊതുമരാമത്ത് ഡിസൈൻ വിഭാഗം സ്വീകരിച്ചുവരുന്നു. ഡി.പി.ആർ പൂർത്തീകരിക്കാത്തതിനാൽ പദ്ധതിയുടെ അടങ്കൽ തുക കണക്കാക്കിയിട്ടില്ല. |
| (ബി) | എം.സി. റോഡിന് സമാന്തരമായി തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് പാതയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ഈ പാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ; | (ബി) | എം.സി റോഡിന് സമാന്തരമായി തിരുവനന്തപുരം മുതൽ അങ്കമാലി വരെയുള്ള ഗ്രീൻഫീൽഡ് പാതയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) ദേശീയപാത അതോറിറ്റി തയ്യാറാക്കി വരുന്നു. പാതയുടെ അലൈൻമെന്റ് അതോറിറ്റി അവലോകനം ചെയ്തുവരുന്നു. |
| (സി) | തിരുവനന്തപുരം-അങ്കമാലി ഗ്രീൻ ഫീൽഡ് പാത ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കേരളസർക്കാർ ആവശ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ